(ബി) തെരുവുനായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീം കോടതി തടഞ്ഞിട്ടുള്ള സാഹചര്യത്തിൽ ഇവയുടെ പ്രജനനം തടയുന്നതിന് വന്ധ്യംകരണവും പേവിഷബാധയ്ക്ക് കുത്തിവയ്പ് നൽകുന്നതും ആലപ്പുഴ നഗരസഭ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫെയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കണ്ട്രോൾ/ആന്റി റാബീസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള ചെലവിന്റെ 50% അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ വഹിക്കുന്നതാണ്. പ്രോഗ്രാമിന്. ബോർഡുമായി വേണ്ടുന്ന കരാറിലേർപ്പെട്ട് ധനസഹായം നേടി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കാനും ഇക്കാര്യം സമയബന്ധിതമായി നടപ്പിൽവരുത്തുവാനും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല. എങ്കിലും നായ്ക്കൾ പെറ്റുപെരുകുന്നത് ആശങ്കയുള്ള വിഷയം തന്നെയാണ്. ഇതിനെതിരെ ആലപ്പുഴ നഗരസഭ ഫലപ്രദമായ നടപടി സ്വീകരിച്ചുവരികയാണ്.

പേപ്പട്ടി ശല്യവും തെരുവുനായ്ക്കളുടെ ഉപദ്രവവും തടയുന്നതിന് നടപടി

172(484) ശ്രീ. എ. എം. യൂസഫ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേപ്പട്ടിശല്യവും തെരുവുനായ്ക്കളുടെ ഉപദ്രവവും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) തെരുവുനായ്ക്കളെ പിടിക്കുന്നതിനും പ്രത്യേക കേന്ദ്രങ്ങളിൽ പാർപ്പിക്കുന്നതിനും പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ;

(സി) തെരുവുനായ്ക്കളെ പിടിക്കുകയും വന്ധ്യംകരണം നടത്തി വീണ്ടും തെരുവിൽ വിടുകയും ചെയ്യുന്ന ഇപ്പോഴത്തെ നടപടി തെരുവുനായ്ക്കളുടെ എണ്ണം തടയുന്നതിന് പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബദൽ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) തെരുവുനായ്ക്കളെ കൊല്ലുന്നത് നിരോധിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധിമൂലം ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനും അവയുടെ പ്രജനനം തടയുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ 2001-ലെ Animal Birth Control (Dogs) Rules പ്രകാരം അനിമൽ വെൽഫെയർ ബോർഡ് നടപ്പാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം/ആന്റി റാബീസ് പ്രോഗ്രാം എന്നിവ ഫലപ്രദമായി നടപ്പിൽവരുത്തുവാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 50% ചെലവ് അനിമൽ വെൽഫെയർ ബോർഡ് വഹിക്കുന്ന പ്രസ്തുത പ്രോഗ്രാമിന് ബോർഡുമായി വേണ്ട കരാറിലേർപ്പെട്ട് ധനസഹായം നേടി പ്രോഗ്രാം നടപ്പാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന് ആവശ്യമായ പ്രചാരണം സർക്കാർ മാധ്യമങ്ങൾ മുഖേനയും നടത്തിയിട്ടുണ്ട്. ഇക്കാര്യം സമയബന്ധിതമായി നടപ്പിൽവരുത്തുവാൻ പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയക്ടർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സംസ്ഥാനതല കമ്മിറ്റി രൂപകരിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇല്ല. അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യ ശിപാർശ ചെയ്തിട്ടുള്ളതും അന്താരാഷ്ട്ര തലത്തിൽ സ്വീകരിച്ചുവരുന്നതും ഈ മാർഗ്ഗമാണ്. ബദൽ സംവിധാനം പരിഗണനയിലില്ല.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

ബി.എസ്.യു.പി. പദ്ധതിയുടെ പുരോഗതി

173 (465) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ നഗരങ്ങളിലെ ചേരി പരിഷ്ക്കരണത്തിനായി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന ബി.എസ്.യു.പി. (Basic service to Urban Poor People) പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും പുതിയ അവലോകന സമിതി രൂപീകരിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇപ്പോൾ ഈ പദ്ധതിയുടെ നടത്തിപ്പിലെ പുരോഗതി വിലയിരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തലസ്ഥാന നഗരിയിലെ കരിമഠം കോളനിയിൽ ഈ പദ്ധതിയിൻ കീഴിൽ എത്ര കോടി രൂപയുടെ പണിയാണ് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നത്; ഇവിടെ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly